അധ്യായം 97

## അൽ ഖദ്ർ (നിർണയം)

അവതരണം. മദീനയിൽ, വചനങ്ങൾ 5

---

**അധ്യായപരിചയം:**

പ്രവാചകൻ മുഹമ്മദ് (സ)യുടെ മക്കാജീവിതത്തിലാണ് ഈ അധ്യായം അവതരിച്ചത്. എന്നാൽ മദീനയിലാണ് അവതരിച്ചതെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരും ഉണ്ട്. എന്നാൽ പ്രബലമായ വീക്ഷണം ഇത് മക്കയിൽ അവതരിച്ചതെന്നാണ്.

വിശുദ്ധ ഖുർആൻെറ അവതരണത്തിന് നാന്ദി കുറിച്ചത് റമദാനിൻെറ അവസാനത്തെ ഒറ്റയായ രാത്രികളിലൊന്നിലാണ്. ആ രാത്രിയെ തന്നെയാണ് ലൈലത്തുൽ ഖദ്ർ എന്നു പറയുന്നത്. അക്കാര്യം സൂചിപ്പിക്കുന്നതിന് ഉപയോഗിച്ച അൽ ഖദ്ർ എന്ന പദമാണ് ഈ അധ്യായത്തിന് നാമമായി സ്വീകരിച്ചിട്ടുള്ളത്.

ഈ അധ്യായത്തിൽ ഖുർആനുമായി ബന്ധപ്പെട്ട ചില പ്രധാന കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. അതായത്, ഖുർആൻ മുഹമ്മദ് കെട്ടിച്ചമച്ചു പറയുന്നതാണെന്നും മറ്റാരോ അവനെ അക്കാര്യത്തിൽ സഹായിക്കുന്നുണ്ടെന്നും മക്കയിലെ ഖുറൈശികൾ ആരോപിച്ചിരുന്നു. അതിന് മറുപടിയായി പറയുകയാണ് പ്രഥമ വചനത്തിൽ.

ഈ ഖുർആൻെറ അവതരണത്തിന് നാന്ദി കുറിക്കാൻ തിരഞ്ഞെടുത്ത സമയം മനുഷ്യചരിത്രത്തിൽ തുല്യതയില്ലാത്ത വിധം പുണ്യവും മഹത്തുമായ ഒരു രാത്രിയിലാണ് എന്നു സൂചിപ്പിക്കുകയാണ് തുടർന്നുള്ള വചനങ്ങളിൽ.

ആ രാത്രി മനുഷ്യനെ സംബന്ധിച്ചിടത്തോളം വരാനിരിക്കുന്ന കാലയളവിലേക്കുള്ള അവൻെറ ഭാഗധേയം നിർണയിക്കുന്നതും സമാധാന പൂർണയുമായിരിക്കും എന്നാണ് അവസാന വചനത്തിലെ പരാമർശം. കൂടുതൽ പരാമർശങ്ങൾ വിശദീകരണത്തിൽ വായിക്കാം.

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

| | | |
|---|---|---|
| തീർച്ചയായും നാം | ഇന്നാ | إِنَّا |
| അതിനെ(ഖുർആനിനെ) അവതരിപ്പിച്ചിരിക്കുന്നു. | അൻസൽനാഹു | أَنزَلْنَاهُ |
| (വിധി) നിർണയ രാവിൽ | ഫീ ലൈലത്തിൽ ഖദ്ർ | فِي لَيْلَةِ الْقَدْرِ |
| നിനക്കെന്തറിയാം | വമാ അദ്റാക | وَمَا أَدْرَاكَ |
| വിധിനിർണയ രാവ് എന്തെന്ന് | മാ ലൈലത്തുൽ ഖദ്ർ | مَا لَيْلَةُ الْقَدْرِ |
| നിർണയ രാവ് | ലൈലത്തുൽ ഖദ്രി | لَيْلَةُ الْقَدْرِ |
| ഉത്തമമായതാകുന്നു | ഖൈറുൻ | خَيْرٌ |
| ആയിരം മാസത്തെക്കാൾ | മിൻ അൽഫി ശഹ്രിൻ | مِّنْ أَلْفِ شَهْرٍ |

| | | |
|---|---|---|
| ഇറങ്ങിവരുന്നു | തനസ്സലു | تَنَزَّلُ |
| മലക്കുകൾ | അൽ മലാഇകതു | الْمَلَائِكَةُ |
| ആത്മാവും (ജിബ്‌രീൽ മലക്ക്) | വർറൂഹു | وَالرُّوحُ |
| അതിൽ (ആ രാത്രിയിൽ) | ഫീഹാ | فِيهَا |
| ഉത്തരവുമായി | ബിഇദ്നി | بِإِذْنِ |
| അവരുടെ രക്ഷിതാവിൻെറ | റബ്ബിഹിം | رَبِّهِم |
| എല്ലാ കാര്യത്തെ പറ്റിയുമുള്ള | മിൻ കുല്ലി അംരിൻ | مِّن كُلِّ أَمْرٍ |
| സമാധാനമാകുന്നു | സലാമുൻ | سَلَامٌ |
| അത് (ആ രാത്രി) | ഹിയ | هِيَ |
| വരെ | ഹത്താ | حَتَّى |
| ഉദയം | മത്‌ലഇ | مَطْلَعِ |
| പ്രഭാതത്തിൻെറ | അൽ ഫജ്ർ | الْفَجْرِ |

വചനവിശകലനം:

إنا أنزلناه *ഇന്നാ അൻസൽനാഹു*

തീർച്ചയായും നാം അതിനെ (ഖുർആനിനെ) അവതരിപ്പിച്ചിരിക്കുന്നു

ഈ വാചകത്തിലെ ഇന്നാ എന്നത് സർവ ശക്തനായ അല്ലാഹുവിനെയാണ് സൂചിപ്പിക്കുന്നത്. അവനാണ് ലോകർക്കായി ഈ ഗ്രന്ഥം അവതരിപ്പിച്ചത്. "നാം ആണ് അതിനെ അവതരിപ്പിച്ചത്" എന്ന് പ്രസ്താവിക്കുക വഴി അക്കാലത്ത് ഖുർആനിൻെറ വിമർശകർക്കിടയിൽ പ്രചരിച്ചിരുന്ന ആരോപണത്തെ നിഷേധിക്കാനാണ്. അതായത്, മുഹമ്മദ് ആരിൽ നിന്നോ പഠിച്ചു പറയുകയോ ചമച്ചുണ്ടാക്കുകയോ ചെയ്തതാണ് ഖുർആൻ എന്ന് മക്കയിലെ ഖുറൈശികളടക്കമുള്ള ജനങ്ങൾ പറഞ്ഞു പരത്തിയിരുന്നു. ആ പ്രചാരണത്തിൻെറ അടിവേരറുക്കുകയാണ് ഈ പ്രസ്താവനയിലൂടെ. നിങ്ങളുടെ വാദം ശരിയല്ല, നാം തന്നെയാണ് തികഞ്ഞ യുക്തിയോടു കൂടി വിശുദ്ധ ഖുർആൻ അവതരിപ്പിച്ചത് എന്നാണ് പ്രഥമ വചനത്തിലൂടെ അവൻ ഉണർത്തുന്നത്.

ഇതേ വാചകത്തിൻെറ അവസാനത്തിലുള്ള "ഹു" എന്നത് നിസ്സംശയം ഖുർആനിനെയാണ് കുറിക്കുന്നത്. ഇക്കാര്യം ഖുർആൻ പല ഭാഗങ്ങളിലും സൂചിപ്പിച്ചിട്ടുണ്ട്. "നാം അതിനെ അനുഗൃഹീത രാവിലാണ് അവതരിപ്പിച്ചത്", "ഖുർആൻ അവതരിച്ച മാസമാകുന്നു റമദാൻ" തുടങ്ങിയ വചനങ്ങൾ ഉദാഹരണം.

في ليلة القدر *ഫീ ലൈലത്തിൽ ഖദ്ർ*

വിധിനിർണയ രാവിൽ

ജിബ്‌രീൽ എന്ന വിശുദ്ധ മാലാഖ ദൈവിക കല്പന പ്രകാരം പ്രവാചകൻ മുഹമ്മദ്(സ)യുടെ അടുക്കൽ ദിവ്യസന്ദേശവുമായി വന്നു തുടങ്ങിയത് റമദാനിലെ ഒരു പ്രത്യേക രാവിലാണ്. ആ രാവിനെയാണ് അനു ഗൃഹീത രാത്രി, വിധിനിർണയ രാവ് എന്നീ വിശേഷണങ്ങൾ കൊണ്ട് പരിചയ പ്പെടുത്തിയിട്ടുള്ളത്.

അവതരിപ്പിച്ചു എന്ന വാചകം കൊണ്ട് രണ്ട് ആശയങ്ങളാകാം. അല്ലാഹു ഖുർ ആൻ മുഴുവൻ ദിവ്യസന്ദേശവാഹകരായ മലക്കിനെ ഏല്പിച്ചു എന്നാകാം ഒരാ ശയം. രണ്ടാമത്തെ ആശയപ്രകാരം ആവശ്യങ്ങളും സന്ദർഭങ്ങളും അനുസരിച്ച് അല്ലാഹു ജിബ്‌രീലിനെ അറിയിച്ചു, ജിബ്‌രീൽ ദൈവദൂതനെ അറിയിച്ചു എന്നാകാം. അല്ലാഹുവാകുന്നു കൂടുതൽ അറിയുന്നവൻ. രണ്ടായാലും ജിബ്‌രീൽ മാലാഖ പ്രവാ ചകൻ മുഹമ്മദിന് അവതരിപ്പിച്ചു കൊടുത്തത് റമദാനിലെ ഒരു രാത്രിയിലാകുന്നു.

ലൈലത്തുൽ ഖദ്റിൽ അവതരിപ്പിച്ചു എന്നാണ് തുടർന്നു പറയുന്നത്. ഖദ്ർ എ ന്നാൽ വിധിനിർണയ രാവാകുന്നു എന്ന് അർഥം നല്കിയ പണ്ഡിതന്മാരുണ്ട്. അതനുസരിച്ച് എല്ലാ കാര്യങ്ങളുടെയും തീരുമാനവും നിർണയവും ആ രാത്രിയി ലാണ് നടക്കുന്നത്. അതേയവസരം ഖദ്ർ എന്നാൽ മഹത്വം എന്ന അർഥം നല്കി യവരുമുണ്ട് പണ്ഡിതന്മാരിൽ. അതനുസരിച്ച് ലൈലത്തുൽ ഖദ്ർ എന്നാൽ ആയിരം മാസത്തെക്കാൾ ഉത്തമമായ രാത്രി എന്ന അർഥം വരുന്നു. രണ്ടും ഉദ്ദേശ്യമാണെന്നു വന്നാൽ അർഥം ഇങ്ങനെയായി: വിധിനിർണയ രാവ് ഉത്തമമാ യതാകുന്നു.

ഈ രാത്രി എപ്പോഴാണെന്ന കാര്യത്തിൽ വ്യത്യസ്താഭിപ്രായക്കാരാണ് പണ്ഡിത ന്മാർ. എങ്കിലും റമദാനിലെ അവസാന പത്തിലെ ഒറ്റ രാത്രികളിൽ ഒന്നിലാണ് അതെന്ന അഭിപ്രായമാണ് ഭൂരിപക്ഷത്തിനുമുള്ളത്. അതേയവസരം റമദാനിലെ 27-ാം രാവിലാണ് അതെന്ന് പ്രബലമായ അഭിപ്രായവും നിലവിലുണ്ട്. ആ രീതിയിലാണ് മുൻഗാമികളായ പണ്ഡിതന്മാരിൽ പലരും പ്രസ്തുത രാത്രിയെ വിലയിരുത്തിയിരു ന്നത്.

---

وما أدريك ما ليلة القدر *വമാ അദ്റാക മാ ലൈലത്തുൽ ഖദ്ർ*

വിധിനിർണയ രാവ് എന്തെന്ന് നിനക്കെന്തറിയാം

---

ഈ ചോദ്യം കൊണ്ട് പ്രസ്തുത രാവിന്റെ മഹത്വത്തെ യാണ് സൂചിപ്പിക്കുന്നത്. ഈ രീതി സാധാരണ നമ്മുടെ ഭാഷയിലും ഉപയോഗിക്കാറുണ്ട്. ഏതെങ്കിലും വ്യക്തികളെയോ സാധനത്തെയോ സൂചിപ്പിച്ചു കൊണ്ട് അതെന്താണ് സാധനമെന്ന് നിനക്കറിയോ എന്ന് ആളുകൾ ചോദിക്കുന്നത് അതിന്റെ ഗുണമേന്മയേയോ ഗാംഭീര്യത്തെയോ സൂചിപ്പിക്കാനാണ്. അതുതന്നെയാണിവിടെ ചെയ്തിട്ടുള്ളതും. തുടർന്ന് ഖുർആൻ തന്നെ അതിനുള്ള ഉത്തരവും തുടർന്നുള്ള വചനങ്ങളിൽ നല്കുന്നു.

---

لَيْلَةُ الْقَدْرِ خَيْرٌ مِّنْ أَلْفِ شَهْرٍ *ലൈലത്തുൽ ഖദ്‌രി ഖൈറുൻ മിൻ അൽഫി ശഹ്‌രിൻ*

നിർണയരാവ് ആയിരം മാസത്തെക്കാൾ ഉത്തമമായതാകുന്നു.

---

അഥവാ ആ രാവിൽ അതല്ലാത്ത ആയിരം മാസങ്ങളിൽ ലഭിക്കുന്ന പുണ്യവും നന്മയും ഉണ്ടാകുമെന്നർഥം.

ആ രാവിൽ ദൈവിക പൊരുത്തവും പ്രതിഫലവും കൊതിച്ചുകൊണ്ട് ഒരാൾ ആരാധന അർപ്പിച്ചാൽ അവൻ ചെയ്തുപോയ പാപങ്ങൾ അല്ലാഹു പൊറുത്തുകൊ ടുക്കുന്നതാകുന്നു. ഈ വസ്തുത പല പ്രകാരത്തിലും നബിവചനങ്ങളിൽ വ്യക്തമാ ക്കപ്പെട്ടിട്ടുണ്ട്.

---

تَنَزَّلُ الْمَلَائِكَةُ وَالرُّوحُ فِيهَا بِإِذْنِ رَبِّهِم مِّن كُلِّ أَمْرٍ *തനസ്സലുൽ മലാഇകതു വർറൂഹു ഫീഹാ ബിഇദ്നി റബ്ബിഹിം മിൻ കുല്ലി അംരിൻ*

അന്ന് (ആ രാവിൽ) മലക്കുകളും റൂഹും റബ്ബിൻെറ അനുമതിയോടെ സകല വിധികളും കൊണ്ടിറങ്ങുന്നു.

---

റൂഹ് കൊണ്ട് ഉദ്ദേശിക്കുന്നത് ദൈവദൂതന്മാർക്ക് ദിവ്യസന്ദേശവുമായി വരുന്ന മാലാഖ ജിബ്‌രീൽ ആകുന്നു. മറ്റു മാലാഖമാരുടെയും ജിബ്‌രീലിൻെറയും ആഗമനം തങ്ങളുടെ നാഥനായ അല്ലാഹുവിൻെറ കല്പന പ്രകാരമാണെന്നും അതാകട്ടെ സകല കാര്യങ്ങളെ സംബന്ധിച്ചുമുള്ള വിധികൾ കൊണ്ടാണെന്നും നേരത്തെ സൂചിപ്പിക്കുകയുണ്ടായി. അതായത്, സൃഷ്ടികളുടെ ഭാഗധേയങ്ങൾക്ക് നിദാനമായ നിർണയം എന്നർഥം. അത് സാധാരണ രാത്രിയല്ല, മനുഷ്യജീവിതത്തെ സംബന്ധിച്ചിടത്തോളം മറ്റു രാത്രികളിൽ നിന്ന് ഏറെ പ്രാധാന്യമുള്ളതാണ്.

മനുഷ്യരുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളുടെയും നിർണയം നന്മയെ മാത്രം അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ആ നന്മ അടിസ്ഥാനപ്പെടുത്തിയാണ് വിശുദ്ധ ഖുർആൻെറ അവതരണം പോലും ഉണ്ടായത്.

---

سَلَامٌ هِيَ حَتَّى مَطْلَعِ الْفَجْرِ *സലാമുൻ ഹിയ ഹത്താ മത്വ്‌ലഇൽ ഫജ്ർ*

പ്രഭാതം വരെ അത് സമാധാനമായിരിക്കും.

---

സമാധാനത്തിനു വേണ്ടിയുള്ള ഈ നടപടി പ്രഭാതം വരെ നീണ്ടുനില്ക്കും. അതിനിടയിൽ ഉണ്ടാകുന്ന എല്ലാ കാര്യങ്ങളും മനുഷ്യരാശിയുടെ വിജയവും നന്മയും ലക്ഷ്യം വെച്ചുള്ളതായിരിക്കും.